1963—ൽ

1. കീഴത്തടിയൂർ ശിവക്ഷേത്രം, മീനച്ചിൽ.
2. എറണാകുളം പട്ടണത്തിൽ ഒരു ക്ഷേത്രം.

1964-ൽ

1. സെൻറു ഫ്രാൻസിസ് അസീസ് പള്ളി, തൈക്കൽ.
2. കാരുക്കുടി ക്രൈസ്റ്റു കിങ്ങ്മൊണാസ്ട്രി പള്ളി, അങ്കമാലി.
3. സെൻറു മേരീസ് പള്ളി വരാപ്പുഴ.
4. സെയ്ൻറ് സബാസ്റ്റിൻസ് പള്ളി, വഗമോൺ.
5. കളമശ്ശേരിയിൽ ഒരു ക്ഷേത്രം.

(ജി) 60, 61, 62, 63 ഈ വർഷങ്ങളിൽ മോഷണവും ധ്വംസനവും ആടക്കം ആകെ നടന്ന 194 ആക്രമണങ്ങളിൽ, ക്രൈസ്തവ ദേവാലയങ്ങളും 84 ഹൈന്ദവദേവാലയങ്ങളും 106, മുസ്ലീം ദേവാലയങ്ങളും 4.

ദേവാലയാക്രമണങ്ങൾ.

* 7. [12] ശ്രീ. പി. ആർ. ഫ്രാൻസിസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1964—ജനുവരി ഒന്നാംതീയതി മുതൽ ജൂലായ് 31—ാം തീയതി വരെ എത്ര ദേവാലയങ്ങൾ ആക്രമിക്കപ്പെട്ടു;

(ബി) അവ ഏതെല്ലാം;

(സി) ദേവാലയ ആക്രമണങ്ങളുടെ സ്വഭാവങ്ങൾ എന്തെല്ലാമാണ്;

(1) സക്രാരി ആക്രമണങ്ങൾ എത്ര;

(2) ബിംബങ്ങൾ ആക്രമിക്കപ്പെട്ടവ എത്ര?

(3) ഭണ്ഡാരങ്ങൾ കുത്തിപ്പൊളിച്ചവ എത്ര?

മുഖ്യമന്ത്രി (ശ്രീ. ആർ. ശങ്കർ) :

(എ) ആകെ 62 ദേവാലയങ്ങൾ ആക്രമിക്കപ്പെട്ടു.

(ബി) ക്രൈസ്തവ ദേവാലയങ്ങൾ 32-0
ഹൈന്ദവ ദേവാലയങ്ങൾ 28—0
മുസ്ലീം ദേവാലയങ്ങൾ 2—0 ആണ് ആക്രമിക്കപ്പെട്ടത്. അവയുടെ ലിസ്റ്റു ഇതോടൊന്നിച്ചു ചേർത്തിട്ടുണ്ട്*

(സി) 1. 9 സക്രാരി ആക്രമണങ്ങൾ
2. 4 ബിംബങ്ങൾ ആക്രമിക്കപ്പെട്ടവ
3. 20. ഭണ്ഡാരങ്ങൾ കുത്തിപ്പൊളിച്ചവ.

ദേവാലയാക്രമണങ്ങൾ

* 8. [14] ശ്രീ. കെ. ടി. തോമസ്സ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സംസ്ഥാനത്തു് ഇക്കൊല്ലം ഇതുവരെ എത്ര പള്ളികൾ ആക്രമിക്കപ്പെട്ടിട്ടുണ്ട്;

(ബി) അതിൽ മോഷണ ഉദ്ദേശത്തോടുകൂടി നടത്തിയിട്ടുള്ളതു് എത്ര;

* Appendix I

LIBRARY ARCHIVES Kerala Legislative Assembly

(സി) വിശുദ്ധ വസ്തുക്കൾ അവഹേളിക്കപ്പെടണമെന്നുള്ള ഉദ്ദേശത്തോടുകൂടി നടത്തിയിട്ടുള്ളതു് എത്ര;

(ഡി) ഈ കേസ്സുകളിൽ എത്രയെണ്ണം തെളിഞ്ഞുകഴിഞ്ഞിട്ടുണ്ടു്;

(ഈ) എത്ര കേസ്സിൽ പ്രതികളെ ശിക്ഷിച്ചിട്ടുണ്ടു്;

(എഫ്) തെളിയാത്ത കേസ്സുകളെസംബന്ധിച്ചു് എന്തെല്ലാം നടപടികൾ ഗവണ്മെൻറു നടത്തിയിട്ടുണ്ടു്?

മുഖ്യമന്ത്രി (ശ്രീ. ആർ. ശങ്കർ) :

(എ) 1964 ജൂലായി അവസാനംവരെ 32 പള്ളികൾ.

(ബി) 28.

(സി) 4

(ഡി) 17

(ഈ) 2

എഫ്) മറ്റുള്ള കേസുകളിൽ തെളിവുണ്ടാക്കുന്നതിനുവേണ്ടി ആവശ്യമായ നടപടികളെല്ലാം കൈക്കൊണ്ടിട്ടുണ്ടു്.

ദേവാലയക്രമണങ്ങൾ

* 9. [18] ശ്രീ. പി. ആർ. കൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1960-നുശേഷം സംസ്ഥാനത്തു് എത്ര ദേവാലയങ്ങളിൽ മോഷണവും ആക്രമണവും നടന്നിട്ടുണ്ടു്;

(ബി) അതിൽ എത്ര കേസ്സുകളിൽ തെളിവുണ്ടായി;

(സി) ഇനി എത്ര കേസുകൾ തെളിയാനുണ്ടു്;

(ഡി) തെളിവു കിട്ടാത്ത കേസുകൾ തെളിയിക്കുന്നതിനായി ഊർജ്ജിതമായ നടപടി സ്വീകരിക്കുമോ?

മുഖ്യമന്ത്രി (ശ്രീ. ആർ. ശങ്കർ) :

(എ) 1960 മുതൽ 31-7-64 വരെ 256 ദേവാലയങ്ങളിൽ ആക്രമണവും മോഷണവും നടന്നിട്ടുണ്ടു്.

(ബി) അവയിൽ 107 കേസുകളിൽ തെളിവുണ്ടായിട്ടുണ്ടു്.

(സി) 46 കേസുകൾ അന്വേഷണത്തിലിരിക്കുകയാണു്.

(ഡി) 103 കേസുകൾ തെളിവുകൾ ലഭിക്കാതെയിരിക്കുന്നു. അതിലേക്കു ഊർജ്ജിതമായ അന്വേഷണങ്ങൾ നടത്തിവരുന്നുണ്ടു്.

ദേവാലയാക്രമണങ്ങൾ.

* 10. [19] ശ്രീ. തോമസ് ജാൺ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സംസ്ഥാനത്തു് 1963-64-ൽ എത്ര ക്രിസ്ത്യൻ ദേവാലയങ്ങൾ ആക്രമിക്കപ്പെട്ടിട്ടുണ്ടു്;

(ബി) ഈ ആക്രമിക്കപ്പെട്ട ദേവാലയങ്ങളിൽ എത്ര ദേവാലയങ്ങളിലാണു് വിശുദ്ധവസ്തുക്കൾ നശിപ്പിക്കപ്പെട്ടിട്ടുള്ളതു്;

(സി) ഈ ആക്രമണങ്ങൾ ചെയ്യുന്നവരെ കണ്ടുപിടിച്ചു, ആക്രമങ്ങൾ അമർച്ച ചെയ്യുന്നതിനു് ബഹുമാനപ്പെട്ട ഗവണ്മെൻറു് എന്തെല്ലാം നടപടികൾ കൈക്കൊണ്ടിട്ടുണ്ടു്;

(ഡി) കുട്ടനാടു താലൂക്കിൽപ്പെട്ടതു നീലംപേരൂർ വില്ലേജിൽ ഉള്ള കൈനടി പള്ളിയിൽ നടന്ന ആക്രമണം സംബന്ധിച്ചു് ബഹുമാനപ്പെട്ട ഗവണ്മെൻറു് എന്തെല്ലാം നടപടികൾ കൈക്കൊണ്ടിട്ടുണ്ടു്?

LIBRARY ARCHIVES Kerala Legislative Assembly